**കേരള സർക്കാർ**

നം.77570/ഡി.സി.1/2013/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 14/10/2014

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് – ഉറവിടമാലിന്യസംസ്കരണ പദ്ധതികൾക്ക് നൽകുന്ന ഭരണ-സാങ്കേതികാനുമതിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്വീകരിക്കുന്ന നടപടികൾ ക്രമീകരിക്കുന്നത് –സംബന്ധിച്ച്

സൂചന: 1) സ.ഉ(സാധ)നം.1597/2012/തസ്വഭവ തീയതി 12.6.2012.
2) 3/12/2013ലെ 39110/ഡിസി1/13/തസ്വഭവ നമ്പർ സർക്കുലർ

സംസ്ഥാനത്ത് ഉറവിടമാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു :-

1. ഒരു പദ്ധതി ആരംഭിക്കുമ്പോൾ ആ പദ്ധതിക്ക് മുൻകൂട്ടിയുള്ള ഭരണാനുമതി/സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിൽ ഭരണ-സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലനം അനുവദിക്കുന്നതല്ല.

3. അതാതു പ്രദേശത്തിന് യോജിച്ചതും വിലകുറഞ്ഞതും ഉപയോഗപ്രദവുമായ മാലിന്യസംസ്കരണ സംവിധാനം വേണം സ്ഥാപിക്കേണ്ടത്.

4. വീടുകളിൽ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ ശേഷി $0.5m^3$ (പ്രതിദിനം 2.5 കിലോ മാലിന്യം സംസ്കരിക്കുന്നതിന്) മതിയാകുന്നതാണ്.

5. ഏതെങ്കിലും പ്രായോഗിക കാരണങ്ങളാൽ നേരത്തേ നൽകിയ ഭരണ-സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലനം ആവശ്യമായി വരികയാണെങ്കിൽ ആയത് പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് ശുചിത്വമിഷന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പുതുക്കിയ അനുമതി ലഭ്യമാക്കേണ്ടതുമാണ്. പുതുക്കിയ അനുമതി ലഭ്യമാക്കാതെ പദ്ധതി നടപ്പിലാക്കാൻ യാതൊരു കാരണവശാലും പാടുള്ളതല്ല.

. . . 2

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ശുചിത്വമിഷൻ നൽകിയ സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലിച്ചു കൊണ്ട് നഗരസഭകൾ യൂണിറ്റ്കോസ്റ്റിൽ അധികരിച്ച് ലഭിച്ചിട്ടുള്ള ടെണ്ടർ അംഗീകരിച്ച് പദ്ധതി നടപ്പിലാക്കിയതിനു ശേഷം ക്രമാനുസൃതമാക്കുന്നതിനായി പ്രത്യേകാനുമതി ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിനെ സമീപിക്കുന്ന പ്രവണത കൂടുതലായി കണ്ടു വരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ 3/12/2013ലെ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൂടാതെ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

ശുചിത്വമിഷൻ നൽകിയിട്ടുള്ള സാങ്കേതികാനുമതിയിൽ നിന്നും വ്യതിചലിച്ചുകൊണ്ട് നടപ്പിലാക്കുന്ന നടപടികൾ ഇനിമേൽ യാതൊരു കാരണവശാലും സർക്കാർ ക്രമവൽക്കരിച്ച് നൽകുന്നതല്ലാത്തതിനാൽ ഇപ്രകാരമുള്ള ശുപാർശകൾ ഇനിമേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിലേക്ക് അയക്കേണ്ടതില്ല.

എ പി എം മുഹമ്മദ് ഹനീഷ്

സെക്രട്ടറി.

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം (എല്ലാ നഗരസഭകൾ/ മുനിസിപ്പാലിറ്റികളേയും അറിയിക്കുവാൻ)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ ഗ്രാമപഞ്ചായത്തുകളേയും/ ബ്ളോക്ക് പഞ്ചായത്തുകളേയും അറിയിക്കുവാൻ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഐ & പി ആർ ഡി (വെബ് & ന്യൂമീഡിയ)

ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻപ്രകാരം അയക്കുന്നത്,

സെക്ഷൻ ഓഫീസർ